**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1383** **28-07-2021 - ൽ മറുപടിയ്ക്ക്**

**നോളജ് ഇക്കോണമി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നോളജ് ഇക്കോണമി മിഷനു വേണ്ടി ഇതുവരെ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ (2021-22) ഖണ്ഡിക (80) പ്രകാരം നോളജ് ഇക്കോണമി ഫണ്ട് ഇനത്തിൽ 300 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ പ്രവർത്തനത്തിന് വേണ്ടി എത്ര തുക ചെലവഴിച്ചു? വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | 2,58,42,562/-രൂപ (രണ്ടു കോടി അമ്പത്തിയെട്ടു ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ചൂറ്റിയറുപത്തി രണ്ടു രൂപ മാത്രം) നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അഭ്യസ്ത വിദ്യർക്ക് രജിസ്ട്രേഷൻ നടത്തുവാനായി DWMS (Digital Workforce Management System) എന്ന പോർട്ടൽ രൂപീകരിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആന്റ് ടെക്നോളജി (Digital University) ക്ക് 1,75,23,000/- (ഒരു കോടി എഴുപത്തിയഞ്ചു ലക്ഷത്തി ഇരുപത്തിമൂവായിരം രൂപ മാത്രം) രൂപയും ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പത്ര പരസ്യങ്ങൾ നൽകിയ വകയിൽ M/S Concept Communicationഎന്നി സ്ഥാപനത്തിന് 82,94,562/- രൂപയും (എൺപത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അഞ്ഞൂറ്റിയറുപത്തി രണ്ടു രൂപ മാത്രം) നോളജ് മിഷനുമായി ബന്ധപ്പെട്ട് ക്യാബിനറ്റ് മുമ്പാകെ സമർപ്പിക്കുന്നതിന് സ്ട്രാറ്റജിക് പേപ്പർ തയ്യാറാക്കുന്നതിന് ശ്രീ. ബിജു പരമേശ്വരന് (റിടെയ്റർ) 25,000/- രൂപയും (ഇരുപത്തിയയ്യായിരം രൂപ മാത്രം) നൽകിയിട്ടുണ്ട്. |
| (സി) | ഇതിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രവാസികൾ എത്ര പേർ; വിശദമാക്കുമോ; | (സി) | ആകെ 34,719 പേർ (23.07.2021 വരെ) DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 44 പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മിഷനിൽ ഇതുവരെ രജിസ്റ്റർ ചെയ്ത എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു; ജില്ല തിരിച്ച് കണക്ക് നൽകാമോ? | (ഡി) | ആകെ 168 പേർക്ക് (23.07.2021 വരെ) തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നോളജ് എക്കോണമി മിഷൻ മുഖാന്തിരം തൊഴിൽ നൽകിയവരുടെ എണ്ണം

| ജില്ല | എണ്ണം |
|---|---|
| ആലപ്പുഴ | 4 |
| എറണാകുളം | 24 |
| ഇടുക്കി | 2 |
| കണ്ണൂർ | 7 |
| കാസർകോഡ് | 4 |
| കൊല്ലം | 24 |
| കോട്ടയം | 17 |
| കോഴിക്കോട് | 8 |
| മലപ്പുറം | 9 |
| പാലക്കാട് | 6 |
| പത്തനംതിട്ട | 14 |
| തിരുവനന്തപുരം | 32 |
| തൃശ്ശൂർ | 10 |
| വയനാട് | 3 |
| മറ്റ് സംസ്ഥാനങ്ങൾ | 4 |
| **ആകെ** | **168** |

**സെക്ഷൻ ഓഫീസർ**